**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2909** 07-12-2018-ലെ മറുപടി

**<u>മങ്കട നിയോജകമണ്ഡലത്തിന്റെ പദ്ധതികൾക്ക് ഭരണാനുമതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | 2018-19 ബഡ്ജറ്റിൽ ഇറിഗേഷൻ (മൈനർ/മേജർ), കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന മങ്കട നിയോജക മണ്ഡലത്തിന്റെ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (എ) & (ബി) | 2018-19 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.<br><br>2018-19 ബഡ്ജറ്റിൽ ഇറിഗേഷൻ (മേജർ / മൈനർ) വിഭാഗത്തിന്റെ കീഴിൽ മങ്കട നിയോജക മണ്ഡലത്തിലെ പ്ലാൻ ശീർഷകത്തിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. എങ്കിലും ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട് മങ്കട മണ്ഡലത്തിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ജലവിഭവ വകുപ്പുമായും കേരളാ വാട്ടർ അതോറിറ്റിയുമായും ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

# കേരള ജല അതോറിറ്റി

സ്റ്റേറ്റ് പ്ലാൻ 2018-19

2018-19 സാമ്പത്തിക വർഷം മങ്കട മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പുതുതായി അനുവദിച്ച പദ്ധതികൾ.

1. പുഴക്കാട്ടിരി പഞ്ചായത്തിലെ നാലാം നമ്പർ വാർഡിലെ പനങ്ങാങ്ങര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന 20 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.
2. മങ്കട പഞ്ചായത്തിലെ പഴയ 100 എം.എം. എ.സി. പൈപ്പ് മാറ്റി 110 എംഎം പി.വി.സി. പൈപ്പ് ഇടുന്ന പ്രവൃത്തിക്ക് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 9.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

എൽ.എ.സി.എ.ഡി.എസ്. (എം.എൽ.എ യുടെ ആസ്തി വികസനം)

1. കുറുവ പഞ്ചായത്തിൽ നിലവിലുള്ള പി.വി.സി. പൈപ്പ് മാറ്റി 150 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള 34 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.
2. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 5, 7, 9, 10, 12, 13, 16, 19 എന്നീ വാർഡുകളിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള 25 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.
3. അങ്ങാടിപ്പുറം പഞ്ചായത്തിലെ പുത്തനങ്ങാടി ചോലയിൽ കുളമ്പ ഭാഗത്തേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.
4. പുഴക്കാട്ടിരി പഞ്ചായത്തിലെ 4, 8, 9, 12, 13, 16 എന്നീ വാർഡുകളിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള 26 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

മൈനോറിറ്റി

1. പുലാമന്തോൾ പഞ്ചായത്തിലെ ചീരട്ടാമല കുടിവെള്ള പദ്ധതിയുടെ 10 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.
2. കുറുവ പഞ്ചായത്തിലെ പെരുന്നംപറമ്പ് - മണ്ണാത്തിക്കുഴി കുടിവെള്ള പദ്ധതിയുടെ 20 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.
3. കുറുവ പഞ്ചായത്തിലെ പള്ളിയാരൻകുന്ന്-പിച്ചൻകുളമ്പ കുടിവെള്ള പദ്ധതിക്ക് 7.70 ലക്ഷം രൂപയുടെ പ്രവൃത്തി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.
4. കുറുവ പഞ്ചായത്തിലെ പടലംകുന്ന്-കാലൻതോടൻകുളമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് 8.00 ലക്ഷം രൂപയുടെ പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി.

1. മങ്കട പഞ്ചായത്തിലെ വെള്ളില - നമ്പൂതിരിക്കാട് എസ്.സി. കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ (അടങ്കൽ തുക 19.28 ലക്ഷം രൂപ) ഘടകങ്ങളായ സ്രോതസ്സ്, പമ്പിംഗ് മെയിൻ, ടാങ്ക് എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## ജലസേചന വകുപ്പ്

| നമ്പർ | പ്രവൃത്തിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൻ കടവിന് സമീപം സ്ഥിരം തടയണ നിർമ്മാണം | ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | കുട്ടിലങ്ങാടി പഞ്ചായത്തിൽ പടിഞ്ഞാറ്റുമുറിയിൽ പനമ്പറ്റ കടവിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | ആർ.എം.എഫ്-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3 | കുട്ടിലങ്ങാടി പഞ്ചായത്തിൽ വട്ടാണിക്കടവിന് സമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം | പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കിയപ്പോൾ ഉദ്ദേശിച്ച താഴ്ചയിൽ പാറ ലഭ്യമാവാത്തതിനാൽ പുതിയ സ്ഥലം നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 4 | മൂർക്കനാട് പഞ്ചായത്തിലെ കുന്തപ്പുഴയ്ക്ക് കുറുകെ കീഴ്മുറി- മൂത്തിക്കയം എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം | തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കളായ KIIDC സ്വീകരിച്ച് വരുന്നു. |
| 5 | എം.എൽ.എ, എൽ.എ.സി (മങ്കട എൽ.എ.സി) മക്കരപ്പറമ്പ് പഞ്ചായത്തിലെ ഏഴാം വാർഡിൽ വടക്കാങ്ങര ഭാഗത്ത് വലിയ തോടിനു കുറുകെ വി.സി.ബി.യുടെ പുനർ നിർമ്മാണം | കരാർ ഉടമ്പടി ചെയ്തു. പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 6 | മിർപ – മൂർക്കനാട് പഞ്ചായത്തിലെ മുത്തിക്കയം-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാന കനാലിന്റെ ചെയി.0/000 മീറ്റർ മുതൽ 1/500 മീറ്റർ വരെയും പമ്പ് ഹൗസിന്റെയും പരിപാലനവും കോമ്പൗണ്ട് വാളിന്റെ നിർമ്മാണവും | പ്രവൃത്തി പുരോഗതിയിൽ |
| 7 | പുഴക്കാട്ടിരി പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ വാലങ്കോട് തോടിനു കുറുകെ തൊള്ളയൻപാറയിൽ വി.സി.ബി.യുടെ നിർമ്മാണം. | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ